# സ്ത്രൈണാരാധനയുടെ അനുഷ്ഠാനവടിവുകൾ കേരളീയകലാപാരമ്പര്യത്തിൽ

രമ്യ പി.പി.
ഗവേഷക, മലയാളവിഭാഗം, ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ.

നാട്ടറിവുകളുടെയും, വിധിനിയമങ്ങളുടെയും, അനുഷ്ഠാനകലാപാരമ്പര്യത്തിന്റെയും വിശാലമായ ഭൂമികയിലുരുവംചെയ്ത സാംസ്കാരിക പൈതൃകം കേരളീയതയുടെ സവിശേഷതയാണ്. ആരാധനയ്ക്കും വിശ്വാസങ്ങൾക്കും അനുഷ്ഠാനാദികൾക്കും മതങ്ങളേക്കാൾ ഏറെ പ്രാക്തനതയും സാംസ്കാരികമൂല്യവും കല്പിക്കേണ്ടതാണ്. മതനിയമങ്ങൾക്കപ്പുറത്തുള്ള പൗരാണിക നാടൻ വിശ്വാസസംഹിതയിൽനിന്നാണ് അനുഷ്ഠാനാദികളുടെ പൂർവ്വികതത്വത്തെ കണ്ടെത്തേണ്ടത്. "ഏതു മതത്തിലും മതനിയമങ്ങൾ അനുശാസിക്കാത്ത ആചാരവിശ്വാസങ്ങൾ കാണും" (79:1996). ഒട്ടുമിക്ക ആരാധനാക്രമങ്ങളുടെയും ആന്തരികസത്തയെ അന്വേഷിക്കുമ്പോൾ ദ്രാവിഡതത്വത്തിന്റെ ഭൂതകാല ഇടങ്ങളിലേക്ക് പ്രവേശിക്കേണ്ടതായിവരുന്നു.

വിശ്വാസങ്ങളിലധിഷ്ഠിതമായ ഉദാത്തപൂർണമായ നാടോടിജീവിത സമ്പ്രദായമാണ് കേരളീയപരിസരത്തിൽ ഉണ്ടായിരുന്നത്. "നാടൻ വിശ്വാസങ്ങളാണ് ആരാധനകൾക്കും മാന്ത്രികകർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കും അനുഷ്ഠാനനൃത്തങ്ങൾക്കുമെല്ലാം അടിസ്ഥാനം"(87:1996). ജനവിശ്വാസമാണ് ഇത്തരം അനുഷ്ഠാനാദികളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. സാമൂഹികനരവംശവിജ്ഞാനീയത്തിന്റെ പരിധിയിലപ്പെടുന്നവയാണ് ഇത്തരം വിശ്വാസത്തിലൂന്നിയ

അനുഷ്ഠാനാദികൾ. മനുഷ്യസമൂഹത്തിന്റെ ജീവിതനിലയെയും ജീവിത സമ്പ്രദായത്തെയും ആസ്പദമാക്കിയുള്ള വൈജ്ഞാനികതലം എന്ന നിലയ്ക്ക് സാമൂഹികനരവംശവിജ്ഞാനീയത്തിൽ സ്ത്രീ-പുരുഷ അധികാര പരിധികളെയും പ്രാതിനിധ്യത്തെയും വിശകലനം ചെയ്യാവുന്നതാണ്. വിശ്വാസത്തിലും ആചാരങ്ങളിലും പാരമ്പര്യ അനുഷ്ഠാനകലകളിലും ലിംഗപദവി നിർണയിക്കുവാൻ ഇത്തരം മാനവസംസ്കാരത്തിന്റെ പൊരുളിടങ്ങൾ നിയാമകമായി മാറുന്നു.

സംസ്കാരത്തെ വിശകലനം ചെയ്യുന്നതിനുള്ള സുപ്രധാന ഘടകമാണ് പെൺകലാരൂപങ്ങൾ. ആൺ അധികാരപരിധിയിൽ സ്ത്രൈണതയുടെ പൊടിപ്പുകൾ എത്രമേൽ മഹത്വവത്കരിക്കപ്പെടുന്നു എന്നതിന്റെ അടയാളപ്പെടുത്തലുകളാണ് അനുഷ്ഠാനങ്ങളും കേരളീയ അനുഷ്ഠാനകലകളും. കാർഷിക മിത്തിലൂന്നിയ ഉർവരതാപൂജയിലും പ്രകൃതിപൂജയിലും മൃഗാരാധനയിലും പെൺഉറവിടങ്ങളുടെ ബൃഹത്തായ മേഖല വലയം ചെയ്യുന്നു. ഒട്ടുമിക്ക അനുഷ്ഠാനങ്ങളും ആരാധനയിൽനിന്നാണ് ഉരുവം കൊണ്ടിരിക്കുന്നത്. ഉർവ്വരതാരാധന അതിൽ ഏറ്റവും ശ്രേഷ്ഠമാണ്. ഭൂമിപൂജയാണ് ഉർവ്വരതാരാധനയുടെ അടിസ്ഥാനം. "കൃഷി സ്ഥലത്തിന് 'ഉർവ്വര' എന്നു പേരുണ്ട്. ഭൂമിയെ സ്ത്രീലിംഗഗണത്തിപ്പെടുന്ന ദേവതയായിട്ടാണ് ഭാരതീയർ കരുതുന്നത്."(120:1996). ഫലഭൂയിഷ്ഠമായ ഭൂമിയും പ്രത്യുത്പാദനശേഷിയുള്ള സ്ത്രീയും പരസ്പരപൂരകങ്ങളാണ്. ഭൂമി വിത്തുകളെ മണ്ണിനടിയിലെ കോശയിടങ്ങളിൽ സംരക്ഷിക്കുന്നതുപോലെ സ്ത്രീയുടെ ഗർഭപാത്രം വളർച്ചയ്ക്കുതകുന്ന വളക്കൂറുള്ള മണ്ണായിമാറുന്നു. ഭൂമിയിലും സ്ത്രീത്വം ആരോപിക്കുന്നതിന്റെ പൊരുളിതാണ്. ഭൂമിയെ എന്നതുപോലെ ഭൂമിയിൽ വിളയുന്ന ധാന്യാദികളെയും മാതൃസങ്കല്പമായി പൂജിക്കുവാൻ തുടങ്ങി. സമൃദ്ധി എപ്പോഴും ഐശ്വര്യദേവതയാണ് കേരളീയ കാർഷികപരിസരത്തിൽ സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ആഘോഷങ്ങൾ കൊണ്ടാടപ്പെടുന്നതിന്റെ അടിസ്ഥാനം ഉർവ്വരതയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. "റൈസ്മദർ, കോൺമദർ, ബാർളിമദർ തുടങ്ങിയ ഉർവ്വരദേവതാസങ്കല്പങ്ങൾ പാശ്ചാത്യദേശങ്ങളിലെ പ്രാക്തന സംസ്കാരങ്ങളിൽ കാണാം"(2:1985).

ഐശ്വര്യദേവതയായ നെൽക്കതിർ ശ്രീഭഗവതിയായി വിളയാടുന്നു എന്ന കേരളീയ വിശ്വാസസങ്കല്പം ആരാധനയിലെ സ്ത്രീസാന്നിദ്ധ്യത്തിന്റെ അടിസ്ഥാനമാകുന്നു. "കാർഷിക ജനതയുടെ ദൈവം എവിടെയും അമ്മയാണ്"(72:1979). ഉർവ്വരതയുടെ അനുഷ്ഠാനാംശങ്ങൾ തെയ്യം, ഗോദാവരിയാട്ടം, കണ്യാർക്കളി, പൂരക്കളിയിലെ പള്ള്

തുടങ്ങിയ അനുഷ്ഠാന കലാപ്രകടനങ്ങളിൽ തെളിഞ്ഞുകാണുന്നു. കേരളത്തിൽ ഉർവ്വരദേവതയായി ശ്രീപോതി അഥവാ ശ്രീഭഗവതി, ഗോദാവരി, ശ്രീപാർവ്വതി അംശങ്ങളായ കുറത്തി, കന്നി, കർക്കടകോത്തി തുടങ്ങിയ സ്ത്രൈണദേവതാ സങ്കല്പങ്ങളെ സമൃദ്ധിയുടെ പക്ഷത്തു നില നിർത്തുമ്പോൾ ചേട്ടാ, മാരി, ചൂരി, മറുത തുടങ്ങിയ ക്ഷാമ, നാശദേവതളെ എതിർപക്ഷത്ത് കുടിയിരുത്തുന്നു. ഉർവ്വരാരാധനയിലെ സ്ത്രീലിംഗാരാധനയുടെ പ്രത്യക്ഷീകരണങ്ങളാണ് ഇവ.

ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഭൂമിയും, ശിശുവിനെ പ്രസവിക്കുന്ന സ്ത്രീകളും പരസ്പരം ബന്ധിപ്പിക്കുന്ന വിശ്വാസപ്രമാണമാണ് ഇതിന്റെയെല്ലാം അടിസ്ഥാനം. "മദ്ധ്യകേരളത്തിലെ ചില പ്രദേശങ്ങളിൽ കൊണ്ടാടുന്ന ഉച്ചാർവേലയുടെ ചടങ്ങുകളും അനുഷ്ഠാനങ്ങളും ഭൂമിദേവിയുടെ ആർത്തവത്തെ ആദരിച്ചുകൊണ്ടുള്ളതാണ്"(123:1996).

കാർഷികസംസ്കാരത്തിന്റെ ഭാഗമായ മൃഗപൂജയിലും ഗോമാതൃക്കളെ ആരാധിക്കുന്നതിനു തത്തുല്യമായ നാടൻ പുരാവൃത്തസങ്കല്പങ്ങളും കേരളത്തിൽ പാലിക്കുന്നു. മൃഗപൂജയിലെ ഏറ്റവും പരിപാവനമായ ദിവ്യധേനുവായി ഗോദാവരിയെ കേരളീയർ ആരാധിക്കുന്നു. ഉത്തരകേരളത്തിൽ മലയരും, പാണരും നടത്തുന്ന കോതാമൂരിയാട്ടം എന്ന അനുഷ്ഠാനകല ഈ വിശ്വാസത്തിന്റെ കലാപ്രകടനമാണ്.

സ്ത്രൈണസാന്നിദ്ധ്യത്തിന്റെ സുപ്രധാന ഇടമാണ് നാഗാരാധനയിൽ ഉള്ളത്. സർപ്പക്കാവുകൾ കേരളീയ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളിൽ ഒന്നാണ്. എവിടെ ആരാധിക്കപ്പെടുക എന്നതിലുപരി ആരാധന സമർപ്പണത്തിലാണ് സ്ത്രീസാന്നിദ്ധ്യം മുഴച്ചുനില്ക്കുന്നത്. മണ്ണാറശാല, പാമ്പുമേയ്ക്കാട്, ആമേടമംഗലം തുടങ്ങിയ പ്രശസ്ത നാഗക്ഷേത്രങ്ങളിൽ ആചാരങ്ങൾക്കും, പൂജാവിധികൾക്കും മേൽനോട്ടംവഹിക്കുന്നത് തറവാട്ടിലെ മുതിർന്ന സ്ത്രീജനമാണ്. ഇതുകൂടാതെ മണ്ണാൻമാരുടെ നാഗാരാധന പരമായ അനുഷ്ഠാനകലയായ കുറുന്തിനിപ്പാട്ടിലും കുറുന്തിനിഭഗവതിയെയാണ് സ്തുതിക്കുന്നത്. ഈ അനുഷ്ഠാനകലയുടെ പിണിയാളായി സ്ത്രീസാന്നിദ്ധ്യമുണ്ട് എന്നതും ഇതിന്റെ പ്രത്യേകതയാണ്. നാഗാരാധനയുമായി ബന്ധപ്പെട്ട കേരളീയക്ഷേത്രങ്ങളിലും തറവാടുകളിലും നാഗയക്ഷിക്കളങ്ങളും നടത്തിവരുന്നു.

വിഗ്രഹാരാധനയിലും സ്ത്രൈണസാന്നിദ്ധ്യം മിഴിവേകുന്നുണ്ട്. ഉത്തരകേരളത്തിലെ തെയ്യപുരാവൃത്തങ്ങളിൽ സ്ത്രീവീരവനിതകളെ ഈശ്വര മഹത്വത്തിലേക്ക് ഉയർത്തുന്ന വിശ്വാസാവലി കാണാവുന്നതാണ്. ഒരു സമുദായത്തിനോ, വർഗ്ഗത്തിനോ സമാരാധ്യരായവരാണ്

വീരമാതൃക്കളായി പരിവർത്തനം ചെയ്യുന്നത്. മുച്ചിലോട്ട് ഭഗവതി, മാക്കപ്പോതി, കാപ്പാളത്തി തുടങ്ങിയ വനിതകളെ മഹത്തുക്കളായി, മാതൃസമാനയായ ധീരവനിതകളായി, വാഴ്ത്തുന്നു.

സ്ത്രീകളെ ആരാധിക്കുന്നതിന്റെ മറ്റൊരു രൂപമാണ് കന്യാകാരാധന (virgin cult) ഇതും തെയ്യാട്ടത്തിൽ പ്രാധാന്യം ചെലുത്തിക്കാണുന്നു. പലപ്പോഴും കോലംകെട്ടിയാടുന്ന ഭഗവതിമാരെല്ലാം തന്നെ കന്യകമാരായിരിക്കും. ശക്തിദേവിയെപ്പോലും അത്തരത്തിലാണ് ആരാധിക്കുന്നത്.

'പഞ്ചുരുളി' എന്ന പേരരിലറിയപ്പെടുന്ന പഞ്ചാക്ഷരിയെ 'കന്യാവു കഴിഞ്ഞവളല്ലോനീ' എന്ന് പ്രത്യേകം പ്രകീർത്തിക്കുന്നുണ്ട്.(57:1979).

മുച്ചിലോട്ട് ഭഗവതിയും കന്യകാദേവിയാണ്. "പെരിഞ്ചെല്ലൂർ രയരമംഗലത്തില്ലത്തെ വിദുഷിയും സാധ്വിയുമായ കന്യക, ഗുരുകുലത്തിൽ വെച്ച് വേദശാസ്ത്രം പഠിക്കുന്ന സഹപാഠികളുമായി തർക്കിച്ചു. രസങ്ങളിൽവെച്ച് ശൃംഗാരവും വേദനകളിൽവെച്ച് പ്രധാനം പ്രസവവേദനയുമാണെന്ന് സമർത്ഥിച്ചു. കന്യകയായ ഇവൾക്ക് അനുഭവജ്ഞാനമുണ്ടെന്നു പറഞ്ഞുപരത്തി. ഇതോടെ ഗുരുകുലത്തിൽനിന്നും കുടുംബത്തിൽനിന്നും അവൾ ബഹിഷ്കൃതയായി. ആത്മപ്രഭാവംകൊണ്ട് തീയുണ്ടാക്കി അവൾ ആത്മാഹുതി ചെയ്തു. ലോകാനുഗ്രഹത്തിനായി പരമശിവൻ ഭൂമിയിലേക്കയച്ച ഈ കന്യകയായ കന്യാദേവതയെ അനുഷ്ഠാനകലയിൽ കെട്ടിയാടുന്നു. ഗ്രാമീണദേവതയായി പൊതുവിശ്വാസമണ്ഡലത്തിൽ ഇരിപ്പിടം ഉറപ്പിച്ച് മാതൃസങ്കല്പവിശ്വാസഭൂമികയിലമരുന്ന അമ്മദേവികൾ മിക്കവരും അവിവാഹിതകളാണ് എന്നതാണ് കന്യകാരാധനയുടെ പ്രസക്തി.

ആരാധനയിൽ ദേവിയുടെ പ്രതിരൂപമായി വെളിച്ചപ്പാടിനെ അവരോധിച്ചിട്ടുണ്ട്. ഈശ്വരചൈതന്യത്തെ മനുഷ്യശരീരത്തിൽ വെളിച്ചപ്പെടുത്തുന്നവരാണിവർ. "പൗരോഹിത്യം ഒരുകാലത്ത് സ്ത്രീകളുടെതായിരുന്നു എന്നതിന്റെ തെളിവാണ് എന്നും കാവുകളിൽ കാണുന്ന വെളിച്ചപ്പാടുകൾ"(56:1979). വൈദിക കാലഘട്ടത്തിൽ പ്രത്യേകസ്ഥാനം സ്ത്രീകൾക്ക് കല്പിച്ചുനല്കിയിരുന്നു. എന്നാൽ ജാതീയതയുടെ അസമത്വങ്ങളിൽ ഉഴറി സ്ത്രീപാരതന്ത്ര്യത്തിന്റെ പ്രതീകമാകുന്ന സാമൂഹികാവസ്ഥയുടെ അപചയത്തെ ചോദ്യംചെയ്യുകയാണ് ഇത്തരം സ്ത്രീസാന്നിധ്യങ്ങൾ. പൂർവ്വകാലഘട്ടത്തിലെ അധികാര ആചാരകോയ്മയിൽ സ്ത്രീസുധീര സാന്നിദ്ധ്യമായിരുന്നു. പഴയ കാലഘട്ടത്തിൽ സ്ത്രീ ധരിച്ചിരുന്ന വസ്ത്രത്തോട് ഏറെ സാധർമ്യം പുലർത്തുന്നു ഇന്നത്തെ വെളിച്ചപ്പാടിന്റെ വസ്ത്രധാരണം. കാലവണയെത്തുന്ന മുണ്ട്, ചുവന്നപട്ട്, മാറത്ത്

ധരിക്കുന്ന ചുവന്ന മേൽമുണ്ട്, നീട്ടിവളർത്തിയകേശം, തലയിലെ ചുവന്ന പട്ടുവസ്ത്രം, കാതില, കാൽചിലമ്പ്, അരപ്പട്ടയോട് ഉപമിക്കാവുന്ന അരമണി ഇവയെല്ലാമണിഞ്ഞ് ഈശ്വരസന്നിധിയിൽ ഉറഞ്ഞുതുള്ളുന്ന വെളിച്ചപ്പാട് നൃത്തംചെയ്യുന്ന ഒരു സ്ത്രീരൂപംതന്നെയാണ്. ഒരു കാലഘട്ടത്തിൽ കേരളീയ ആചാരങ്ങൾ സ്ത്രീകളുടെ കൈപ്പിടിയിലായിരുന്നു എന്നതിന്റെ ഉത്തമമായ വെളിപ്പെടലാണ് വെളിച്ചപ്പാടുകൾ. ദേവീപൂജയുടെ ദ്രാവിഡസംസ്കാരത്തെ വ്യക്തമാക്കി ആര്യാധിപത്യത്തിന് മുന്നെ തന്നെ കേരളത്തിൽ നിലനിന്ന മാതൃദേവതാ സംസ്കാരത്തെ വ്യക്തമാക്കിത്തരുന്നു വെളിച്ചപ്പാട് എന്ന ആചാരരൂപം.

സ്ത്രീദേവതയാണെങ്കിലും പുരുഷശരീരത്തിലാണ് പൊതുവെ വെളിച്ചപ്പെടുന്നത്. എന്നാൽ ഇതിനു ബദലായി നിടുവൻകുളങ്ങര* ഭഗവതിയെ പ്രസാദിപ്പിക്കുവാൻ വെളിച്ചപ്പാടാകുന്നത് ഒരു സ്ത്രീയാണ്. അതുപോലെ പീലിക്കോട് കോണത്ത് തറവാട്ടിൽ ഗന്ധർവ്വൻ തെയ്യത്തിന് നോറ്റിരിക്കുന്നതും ഒരു സ്ത്രീയാണ്. ക്ഷേത്രത്തിലെ കഴകക്കാരൻ തറവാടായ കോയങ്കര തോട്ടുമണ്യത്തറവാട്ടിലെ മുതിർന്ന സ്ത്രീക്കാണ് നോറ്റിരിക്കാൻ അവകാശമുള്ളത്. ഇണങ്ങ്കൂടൽ ചടങ്ങ് നടത്തി ഈ സ്ത്രീയെ ചടങ്ങിന് ആനയിക്കുന്നു. ക്ഷേത്ത്രിന്റെ വടക്കുവശത്ത് പ്രത്യേകം തയ്യാറാക്കിയ ഓലക്കൊട്ടിലിൽ സ്ത്രീ വ്രതാനുഷ്ഠാനത്തോടെ നോറ്റിരിക്കണം. ഭഗവതിപുറപ്പാടാകുന്നതിനു മുൻപ് ശുഭ്രവസ്ത്രവും കഴുത്തിൽ പത്താക്കും കെട്ടി നോറ്റിരിക്കുന്ന സ്ത്രീ ഒരുങ്ങിനില്ക്കണം.

വൈവിധ്യപൂർണമായ പദവികളിലൂടെ സ്ത്രീആരാധിക്കുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന കേരളീയവിശ്വാസപൈതൃകത്തിന്റെ പൊരുളിടങ്ങളിൽനിന്നാണ് അനുഷ്ഠാനകലാരൂപങ്ങളുടെ നിർവ്വഹണം.

അമ്മദൈവങ്ങളുടെ വിശ്വാസഭൂമിക, അനുഷ്ഠാന കലകളിൽ

ആരാധനയുടെ പ്രത്യക്ഷനിർവ്വഹണങ്ങളാണ് അനുഷ്ഠാനകലകൾ. തെയ്യം, തിറ, പടയണി, മുടിയേറ്റ് തുടങ്ങി അനവദ്യങ്ങളായ അനുഷ്ഠാന കലകളാൽ സമ്പന്നമാണ് മലയാളനാട്. ഓരോ കലാനിർവഹണത്തിനും മാനവചരിത്രത്തോളംതന്നെ പഴക്കം അവകാശപ്പെടാം. നിയതവും കൃത്യവുമായ പൗരാണികവിശ്വാസത്തിൽ ഉരുവംകൊണ്ട വിത്തുകൾ അനുഷ്ഠാനകലകളുടെ നെടുംതൂണാണ്. അത് കാളിയായും ശക്തിയായും ദുർഗയായും ഓരോ അംശങ്ങളിലും പ്രത്യക്ഷപ്പെടുന്നു. സ്ത്രീ വിശ്വാസസംഹിതയുടെ നിയാമകമായി മാറുന്ന ദൈവികതയുടെ പരിവേഷമായി മാറുന്ന സംസ്കാരത്തിന്റെ മാതൃകകൾ കേരളസാംസ്കാരിക ഭൂമികയുടെ

മുഖമുദ്രയാകുന്നു. ആചാരാനുഷ്ഠാനാദികളിൽ സ്ത്രീമൗലികതയുടെ പ്രച്ഛന്നതയാണ് അമ്മ ദൈവങ്ങളായി പരിണമിക്കുന്നത്.

അമ്മദൈവത്തിന്റെ വൈവിധ്യത ഏറെ പുലർത്തുന്ന അനുഷ്ഠാനകലയാണ് തെയ്യം. അമ്മ ദൈവങ്ങൾ കാർഷകജനതയുടെ അരാധനാസങ്കല്പങ്ങളുടെയും, ഗ്രാമീണജനതയുടെ ആരാധനാപ്രീണനത്തിന്റെയും മൂർത്തരൂപമായി ഗണിക്കുന്നു. നാടൻ ജനതയുടെ അപരിത്യാജ്യമായ അംശമായി ആരാധനയും അനുഷ്ഠാനകലകളും പരിവർത്തനം ചെയ്യുന്നു. കാളി എന്നത് പുരാണ സങ്കല്പമാണ്. കാളിമിത്ത് തെയ്യത്തിൽ ഭാഗികമായി മാത്രമാണ് കടന്നുവരുന്നത്. കാളിസങ്കല്പം, അമ്മദൈവസങ്കല്പം, ശക്തിസങ്കല്പം എന്നവ ഒത്തിണങ്ങിയ പുരാവൃത്ത സവിശേഷത തെയ്യത്തിൽ പ്രകടമാണ്. ശൈവ-വൈഷ്ണവ മതത്തോടൊപ്പംതന്നെ ദേവിആരാധനയുടെ ശാക്തമതവും കേരളീയ വിശ്വാസഭ്രമികയിൽ വ്യക്തമായൊരിടം നേടിയിരുന്നു.

ശക്തി, ആനന്ദഭൈരവി, മഹാഭൈരവി, ത്രിപുരസുന്ദരി, ലളിത, തുടങ്ങിയ ഭാവങ്ങളിൽ അവതരിച്ച് ശാക്തമത സ്ത്രീരൂപസങ്കല്പത്തെ ഏറെ പ്രകടമാക്കുന്നു. കേരളീയ ഗ്രാമീണപരിസരങ്ങളിൽ ശക്തി ഗ്രാമദേവതയായി ഭവിക്കുന്നു. ഉത്തരമലബാറിലെ ഗ്രാമീണദേവതകളാണ് തെയ്യത്തിൽ കെട്ടിയാടുന്നത്. കടമ്മനിട്ടഭഗവതി, ശാർക്കരഭഗവതി, ഏഴംകുളംഭഗവതി, ചെമ്പിലോട്ടുഭഗവതി, തിരുമാന്ധാംകുന്ന് ഭഗവതി, മേക്കോട്ട്ഭഗവതി, നീലമ്പേരൂർ പള്ളിഭഗവതി, ശ്രീഉച്ചൂളിക്കടവത്ത് ഭഗവതി, കാരാട്ട് ഭഗവതി, ചെക്കിച്ചേരിഭഗവതി, മാമ്പള്ളിഭഗവതി, കോയിക്കുളങ്ങര ഭഗവതി ഇതെല്ലാം ഉത്തരകേരളത്തിലെ ഗ്രാമദേവതകളാണ്. എല്ലാ ദേവതകളുടെയും അംശം ശാക്തമതത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതുകൂടാതെ ശ്രീപാർവ്വതി അംശമായ കുറത്തി, ചണ്ഡികാസ്വരൂപിണിയായ ചാമുണ്ടി കൂടാതെ തോട്ടുങ്കൽഭഗവതി, പുതിയഭഗവതി, ആര്യങ്കരഭഗവതി, പടക്കത്തിഭഗവതി, കണ്ണങ്കാട്ടുഭഗവതി ഇവരിലും ശാക്തചൈതന്യമുണ്ട്.

തെയ്യം കെട്ടിയാടുന്ന മിക്ക ഗ്രാമങ്ങളിലും അമ്മദൈവങ്ങളായി ഗ്രാമദേവതകൾ സങ്കല്പിക്കപ്പെടുന്നു. അധികം ദേവതമാരുടെയും പിതൃത്വം ശിവനിലാണ്. "ഭഗവതിമാരെല്ലാം അമ്മമാരായി കണക്കാക്കപ്പെടുന്നു. എങ്കിലും പലർക്കും തായിസ്ഥാനം നലകിയിട്ടില്ല. തായിപ്പരദേവതയുടെ മുഖ്യആരാധനാസ്ഥാനം മാടായിക്കാവാണ്. അമ്മദൈവങ്ങളിൽ തിരുവർക്കാട്ടമ്മയാണ് മുഖ്യ" (97:2003). മാടായിക്കാവിലമ്മയ്ക്ക് കാളിസങ്കല്പമാണ് നല്കുന്നത് ദാരികാന്തകിയായ കാളിയെ

തായിയായി സ്വീകരിച്ച് മാടായിക്കാവിൽ കുടിയിരുത്തുകയാണ് ഉണ്ടായത്. പഞ്ചുരുളിത്തെയ്യവും ദാരികാന്തകിദേവിസങ്കല്പമാണ്. തുളുനാട്ടിലെ 'കുണ്ടോറ' എന്ന സ്ഥലത്ത് അധിവസിക്കുന്ന ദാരികാന്തകിയായ കാളിയെ കുണ്ടോമചാമുണ്ടിയായും കെട്ടിയാരാധിക്കുന്നു. മനുഷ്യരുടെ ബപ്പ്, വസൂരി, നട്ടപ്രാന്ത് ഇവയെ തഴുകിയൊഴിപ്പിക്കുകയാണ് ദേവി ചെയ്യുന്നത്.

"മുന്നൂറ്റിയമ്പതോളം വരുന്ന തെയ്യങ്ങളിൽ ഭൂരിഭാഗവും സ്ത്രീതെയ്യങ്ങളാണ്. അവയിൽതന്നെ മുക്കാൽ ഭാഗവും ശക്തിയുടെ പ്രതീകമത്രെ ."തെയ്യത്തിലെ എല്ലാ സ്ത്രീരൂപങ്ങളും ശക്തിദേവിയുടെ അംശങ്ങളാണെങ്കിലും അവരുടെ മൂലകഥകളിൽ മൺമറഞ്ഞ മനുഷ്യസ്ത്രീകളാണ് കഥാപാത്രമാകുന്നത്. ഏതെങ്കിലും ഒരു കുടുംബത്തിലെയാ തറവാട്ടിലെയോ ഒരു മനുഷ്യസ്ത്രീയെ അവരുടെ വൈവിധ്യപൂർണമായ ജീവിതത്തേയും അന്ത്യത്തെയും മുൻനിർത്തി ആരാധിക്കുന്നതുമൂലം പിന്നീട് അവർ ഒരു സമൂഹത്തിന്റെതന്നെ അമ്മദൈവമായി പരിണമിക്കുന്നു. സഹോദരന്മാരാൽ ചതിച്ചുകൊല്ലപ്പെട്ട കടോങ്കാട്ടുമാക്കം മാക്കപോതിയായും നാട്ടുവാഴിയുടെ ശിക്ഷയ്ക്ക് വിധേയമായ കണ്ടംഭദ്രയും പുതിയമനയിൽ ഭഗവതിയും മുച്ചിലോട്ടു ഭഗവതിയും മനുഷ്യസ്ത്രീയിലുൾച്ചേർന്ന ദേവതാംശങ്ങളാണ്.

നാഗാരാധനയുടെ ഭാഗമായ തെയ്യാട്ടങ്ങളിൽ നാഗകന്നിയാട്ടമാണ് പ്രധാനം. നാഗക്കാളി, നാഗഭഗവതി, തുടങ്ങിയ സ്ത്രീദേവതകളെയും തെയ്യംകെട്ടിയാടിക്കാറുണ്ട്. മൃഗാരാധനയുമായി ബന്ധപ്പെട്ട് വരുന്നത് ശ്രീപാർവ്വതിപുരാവൃത്തമാണ്. പുള്ളിക്കരിങ്കാളിത്തെയ്യം അതിനുത്തമ ഉദാഹരണമാണ്. "ഭാരതത്തിലെ സാഹിത്യത്തിലും കലയിലും ലാവണ്യമാനം മുറ്റിനില്ക്കുന്ന സാലഭഞ്ജിക സ്ത്രീയും വൃക്ഷവും ചേർന്ന ഉർവ്വരതാസങ്കല്പമാണ്"(7:2004). പാലമരത്തിലും പനയിലും കുടിയേറിയ യക്ഷിസങ്കല്പം ദേവതാമിത്താണ്. "ഭൂമിയുടെ സ്വത്തും സ്വത്വവുമാണ് യക്ഷി"(18:2004). കേരളത്തിലെ ആരാധനാമൂർത്തികളിൽ സുന്ദര യക്ഷി, രക്തയക്ഷി, നാഗയക്ഷി തുടങ്ങിയ യക്ഷിസങ്കല്പങ്ങളുണ്ട്. യക്ഷിക്കളത്തിൽ സ്ത്രീകൾ പൂക്കുലതല്ലി ഉറഞ്ഞുതുള്ളുന്നത് കേരളീയ ദ്രാവിഡാചാരങ്ങളിൽ മുഖ്യമാണ്. ഇന്നും ക്ഷേത്രങ്ങളിൽ സർവ്വസാധാരണമായി കാണുന്ന അനുഷ്ഠാനചടങ്ങായിത്തീർന്ന യക്ഷിതുള്ളൽ. തെയ്യാട്ടത്തിലും യക്ഷിയുടെ സാമിപ്യമുണ്ട്. കരിഞ്ചാമുണ്ടി ഒരു യക്ഷിത്തെയ്യമാണെന്നാണ് ഐതിഹ്യം. പുള്ളിഭഗവതി, പർവ്വച്ചാമുണ്ടി എന്നീദേവതകളും യക്ഷിത്തെയ്യങ്ങളാണ്.

ഉർവ്വരതാരാധനതെയ്യങ്ങളിലും സ്ത്രീസാമീപ്യമുണ്ട്. കർക്കിടകോത്തി, കലിച്ചി, മറുത തുടങ്ങിയവ ഉർവ്വരതാസങ്കല്പത്തെയ്യങ്ങളാണ്. ഗ്രാമീണ ജനതയെ ആധിവ്യാധികളിൽനിന്നു മുക്തരാക്കുവാൻ വേടനാരീരൂപംപൂണ്ട പാർവ്വതിയാണ് കർക്കടകോത്തിയായി എഴുന്നള്ളുന്നത്. ഉച്ചാടനദേവതകളും തെയ്യത്തിൽ സജീവമാണ്. മന്ത്രവാദികൾ ആരാധിക്കുന്ന കുറത്തി, ചാമുണ്ടിധൂമം എന്നീ ദേവതകൾ സ്ത്രൈണസാന്നിദ്ധ്യമായി ഉച്ചാടന തെയ്യത്തിൽ ഉണ്ട്. മലങ്കുറത്തി, പുള്ളിക്കുറത്തി, കുഞ്ഞൻകുറത്തി, വടക്കൻകുറത്തി തുടങ്ങി 18 തരം കുറത്തികൾ തന്നെ തെയ്യാട്ടത്തിലുണ്ട്. പാർവ്വതി സങ്കല്പമാണ് കുറത്തി. രോഗനിവാരണ ദേവതകളും തെയ്യത്തിൽ വെളിപ്പെടുന്നുണ്ട്. വസൂരിമാല സങ്കല്പമുള്ള പുതിയ ഭഗവതിത്തെയ്യം, രോഗവിമുക്തി ധർമ്മം പാലിക്കുന്നു. 'ുവക്കാളി' എന്ന സ്ത്രൈണദേവത ശരീരത്തിൽ ചൊറിഞ്ഞുണ്ടാകുന്ന രോഗനിവൃത്തിയാണ് വരുത്തുന്നത്.

തെയ്യത്തിൽ മാത്രമുള്ള ദേവാംശമാണ് മരക്കലദേവതകൾ. പായക്കപ്പലുകളെയാണ് മരക്കലം എന്ന് വിശേഷിപ്പിക്കുന്നത്. ആര്യപൂങ്കന്നി, ആയിത്തിഭഗവതി, ആര്യങ്കരഭഗവതി, ആയിരംതെങ്ങിൽ ഭഗവതി, ആരിയഭഗവതി, തുടങ്ങിയവർ മരക്കലത്തിലേറിവിളയാടിവന്ന ദേവതകളാണ്.

ഇവകൂടാതെ 'ഉമ്മച്ചിത്തെയ്യം' ഉത്തരമലബാറിലെ നീലേശ്വരത്ത് പ്രസിദ്ധിയാർജിച്ച തെയ്യമാണ്. അള്ളടരാജവംശത്തിന്റെ ആരാധനാമൂർത്തിയാണ് ഉമ്മച്ചിത്തെയ്യം. നീലേശ്വരം മെക്കാട്ടില്ലം ക്ഷേത്രത്തിലാണ് ഈ അപൂർവ്വതെയ്യക്കോലം കെട്ടിയാടുന്നത്. യോഗ്യാർ അകമ്പടിയാൽ മർമ്മസ്ഥാനത്ത് അടിയേറ്റ തൽക്ഷണം മരണമടഞ്ഞ മുസ്ലീം സ്ത്രീ പിന്നീട് ദൈവക്കരുവായി മാറിയതാണ് ഉമ്മച്ചിത്തെയ്യം. കുളിത്തെയ്യവും ഇതുപോലെ വ്യത്യസ്തമായ തെയ്യമാണ് സ്ത്രൈണമൂർത്തിയായ കുളിയെ ഉർവ്വരതയുടെ അടയാളമായിട്ടാണ് ഗണിക്കുന്നത്.

ദേവതാസങ്കല്പത്തിൽ സ്ത്രൈണതപുലരുന്നുണ്ടെങ്കിലും പുരുഷന്മാരാണ് നാലമ്പലങ്ങളിൽ കോലങ്ങൾ എല്ലാംതന്നെ കെട്ടിയാടുന്നത്. എന്നാൽ സ്ത്രീകെട്ടിയാടുന്ന കോലവും ഉത്തരമലബാറിൽ ആചരിക്കുന്നുണ്ട്. മലയിക്കുത്ത് അഥവാ ദേവക്കൂത്ത് എന്നു പ്രസിദ്ധിയാർജിച്ച സ്ത്രീതെയ്യം തെയ്യത്തിൽത്തന്നെ വ്യത്യസ്തതപുലർത്തുന്നു. മാട്ടൂൽ തെക്കുമ്പാട്ട് കുലോം താഴെക്കാവിൽ കളിയാട്ട മഹോത്സവത്തോടനുബന്ധിച്ചാണ് ഈ അപൂർവ്വ തെയ്യക്കോലം കെട്ടിയാടുന്നത്. കേരളത്തിൽ സ്ത്രീ തെയ്യം കെട്ടിയാടുന്ന ഏകക്ഷേത്രമാണിത്. തെയ്യാട്ടത്തിൽ പൊതുവേ

കാണുന്ന കീഴ്‌വഴക്കങ്ങളും അനുഷ്ഠാനരീതികളും ഇതിൽ വ്യത്യസ്തമാണ്. അപ്സരസ്സിന്റെ കോലമായതുകൊണ്ട് ദേവക്കുത്ത് തെയ്യംഗണത്തിൽ ഉൾപ്പെടുത്തുന്നില്ല. എന്നാലും അനുഷ്ഠാനരീതികളും ആഹാര്യവും കണക്കിലെടുത്ത് ഭക്തർ തെയ്യമായിത്തന്നെ ഈ കോലത്തെ ആരാധിക്കുന്നു. പെരുമയിൽ തെക്കുമ്പാട്ട് ദ്വീപ് പൂങ്കാവനത്തിൽ ഒറ്റപ്പെട്ടുപോയ വള്ളിർമ്മ (വള്ളിയമ്മ) എന്ന അപ്സരസാണ് ഈകോലമൂർത്തി ദേവക്കുത്ത് കെട്ടുന്ന സ്ത്രീ നാല്പതോളം ദിവസം വ്രതമനുഷ്ഠിക്കുന്നു. ചുഴലിഭഗവതിയുടെ അറയ്ക്കുപുറത്താണ് ഇതു കെട്ടിയാടുന്നത്. വിത്തുർഭ്രതത്തെ കത്തിക്കുന്ന ചടങ്ങിനുശേഷമാണ് സ്ത്രീതെയ്യത്തിനു തുടക്കം.

കാളിസങ്കല്പം

ദാരിക നിഗ്രഹകാരിണിയായ കാളിയാണ് ദേവിസങ്കല്പമിത്തിലെ സുപ്രധാന അംശം. ഉഷ്ണപ്രദേശം കൂടിയായ കേരളഭൂമികയിൽ വസൂരിയുടെ പ്രതീകമായ ദാരിക രാക്ഷസനുമേൽ വിജയംവരിച്ച കാളി ഭഗവതിക്കുള്ള അനുമോദനങ്ങളും പ്രാർത്ഥനകളുമാണ് കേരളത്തിലെ ഒട്ടുമിക്ക അനുഷ്ഠാനകലകളിലെയും പുരാവൃത്തം. തിന്മയെ പരാജയപ്പെടുത്തി നന്മയെ വ്യാപിപ്പിക്കുന്ന കാരണകാരിയായ കാളിയെ ഭഗവതിക്കാവുകളിൽ അമ്മദൈവമായി ആരാധിക്കുന്നു. അനുഷ്ഠാനനാടകങ്ങളുടെ പശ്ചാത്തലമായി ഈ പുരാവൃത്തത്തെ പ്രതിഷ്ഠിക്കുകയുണ്ടായി.

സംഘകാലഘട്ടത്തിലെ യുദ്ധദേവതയായ 'കൊററവൈ' കാളിയുടെ പ്രതിരൂപമാണ് കുരവൈക്കൂത്തു നടത്തി സംഘകാല ജനത ദേവിയെ പ്രീതിപ്പെടുത്തിയിരുന്നു. സംഘകാല അനുഷ്ഠാനകലയായി അറിയപ്പെട്ടിരുന്ന കുരവൈക്കുത്ത് യുദ്ധത്തിനു മുന്നോടിയായി നടത്തിവരുന്ന ആചാരംകൂടിയാണ്. ദ്രാവിഡസംസ്കാരത്തിന്റെ പിന്തുറ സ്വീകരിച്ചുകൊണ്ടാണ് ഇന്നും കേരളത്തിൽ കാളിസങ്കല്പം ഏറെ പ്രകടമായിക്കാണുന്നത്. ദ്രാവിഡത്വജാതിസമൂഹമാണ് കാളിആരാധനയിൽ ഏറെ പ്രാധാന്യം നല്കുന്നത്.

മുടിയേറ്റിലാണ് കാളിപുരാവൃത്തത്തിന്റെ സുപ്രധാന അംശം പ്രയോഗിക്കുന്നത്. അവിസ്മരണീയമാംവിധം കാളികഥ അവതരിപ്പിക്കുന്നു. അനുഷ്ഠാനനാടോടിനാടകം എന്നും ഇതിനെ വിശേഷിപ്പിക്കുന്നു. മുടിയേറ്റിലെ സുപ്രധാന സ്ത്രൈണസാമീപ്യം പ്രധാന ദേവതാകഥാപാത്രമായ കാളിയും പരിചാരികയായ കൂളിയുമാണ് കരിവേഷധാരിണിയായ കാളിയുടെ ഉഗ്രപ്രതാപം സ്ത്രൈണചേതനയുടെ കരുത്തിന്റെ പ്രതീകമാകുന്നു. കാളിപുറപ്പാട് മുടിയേറ്റിലെ പ്രധാനചടങ്ങാണ്. കാളി കരുത്തിന്റെ പെൺരൂപമായി മാറുമ്പോൾ കൂളി സാമൂഹികവിമർശനത്തിന്റെ

മൂർത്തപ്രതീകമാകുന്നു. സംഭാഷണങ്ങളിലൂടെ സാമുദായിക പ്രശ്നങ്ങളെ ഹാസ്യവിഷ്കാരം നടത്തി പ്രകാശനംചെയ്യുന്നത് കുളിയാണ്. പ്രേക്ഷകനോട് ഇതിനായി കുളി നേരിട്ട് സംവാദം നടത്തുന്നു. കൂത്തിൽ ചാക്യാരും തുള്ളലിൽ നമ്പ്യാരും നടത്തുന്ന സാമൂഹിക നിരൂപണത്തിന് മുന്നോടിയായി മുടിയേറ്റിലെ കുളിയെ പ്രതിഷ്ഠിക്കാം. കുളിയുടെ വികൃതമായ വേഷവും അവിഹിതഗർഭവും പൈതങ്ങളെ തേടിയുള്ള അലച്ചിലുകളും കാളിയോട് എണ്ണിപ്പെറുക്കുന്ന പരാതികളും ദാരികദുർഭരണത്തിന്റെ സൂചകങ്ങളായി വിലയിരുത്താം ഈ സൂചനകളിലെല്ലാം തന്നെ സമകാലിക അവസ്ഥകളെ വ്യംഗ്യമായി ചർച്ചാവിധേയമാക്കുന്നു. "ദാരികന്റെ ദുർഭരണത്തിന്റെ പ്രതീകമായിട്ടാണ് കുളിയെ മുടിയേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മുടിയേറ്റ് കലാകാരനായ കീഴില്ലം ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെടുന്നു"(61:1981).

മിഖായേൽ ബക്തീന്റെ 'നാടോടിച്ചിരി' (Folk laugher) എന്ന ആശയത്തെ കേരളീയ അനുഷ്ഠാനകലയിൽ പ്രതിനിധീകരിക്കുന്നത് കുളിയാണ്. യുക്തിനിഷ്ഠമായ ഹാസ്യമാണ് കുളിഅവതരിപ്പിക്കുന്നത്. ഇവിടെ ഇത്തരം അനുഷ്ഠാനകലകളിലൂടെ അധഃകൃതവംശത്തിന്റെ വിമർശന ശബ്ദമാണ് ഉയർന്നുകേൾക്കുന്നത്. വിനോദ ഭാഷ്യത്തെയാണ് വിമർശനമാധ്യമമായി ഗണിക്കുന്നത്. "അനുഷ്ഠാനത്തിലെ പൊറാട്ടിന്റെ ധർമ്മമാണ് കുളിനിർവഹിക്കുന്നത്"(59:1981). ശിവനെ ആസ്പദമാക്കിയുള്ള ലിംഗപുരാണത്തിലാണ് കാളിദാരിക കഥ ഉൾപ്പെട്ടിരിക്കുന്നതെങ്കിലും മൂലകഥയിലെ പ്രമേയചാതുരിയിൽനിന്നു വിട്ടുമാറാതെതന്നെ തികച്ചും കേരളീയമായ പശ്ചാത്തലത്തിലും അന്തരീക്ഷത്തിലും വ്യാപിച്ചു കിടക്കുന്ന വ്യാഖ്യാനഭേദങ്ങളോടുകൂടി കാളികഥ പൂരണം ചെയ്യപ്പെട്ടിരിക്കുന്നു. അത് കേരളീയസമൂഹത്തിന്റെ പ്രത്യേകതതന്നെയാണ്. "തെക്കേ മലബാറിലെ മണ്ണാന്മാർ പാടുന്ന പാട്ടിൽ കടലിലൊഴുകിവന്ന കാളിയെ കൊല്ലത്ത് രാജാവാണ് വളർത്തുന്നത്. പാണ്ഡ്യദേശത്തുവെച്ചാണ് ദാരികവധം നടത്തുന്നത്"(10:2003).

കാളിപുരാവൃത്തത്തെ ആസ്പദമാക്കിയുള്ള അനുഷ്ഠാനകലകൾ കേരളത്തിൽ സജീവമാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ദേവി ക്ഷേത്രങ്ങളിൽ ആചരിച്ചുവരുന്ന 'മുടിയെടുപ്പ്' എന്ന അനുഷ്ഠാനകലയിൽ കാളിപുരാവൃത്തമാണ് അനാവൃതമായിരിക്കുന്നത്. 'ഭൈരവി' എന്നാണ് കാളിവേഷത്തെ സ്തുതിക്കുന്നത്. "ചങ്ങനാശ്ശേരിക്ക് സമീപം വാഴപ്പിള്ളി ദേശത്തുള്ള കൽക്കുളത്ത് കാവിൽ 12 വർഷത്തിന്റെ ഇടവേളയിൽ ഈ അനുഷ്ഠാനകല നടത്താറുണ്ട്."(89:2012).

തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ആചരിക്കുന്ന അനുഷ്ഠാനനാടകമാണ്

കാളിദാരികൻ. കുന്നംകുളം കാട്ടക്കാമ്പാൽക്ഷേത്രം, ചേലക്കര അന്തി മഹാകാളൻകാവ് തുടങ്ങിയ ക്ഷേത്രങ്ങളിൽ ഈ കല അനുഷ്ഠിക്കുന്നു. കാളി, ദാരികൻ, കോയമ്മ എന്നീ മൂന്നു കഥാപാത്രങ്ങളാണ് രംഗത്ത്. കോയമ്മ ദേവിയെ യുദ്ധരംഗത്തേക്ക് ആനയിക്കുന്ന സ്ത്രൈണ കഥാപാത്രമാണ്. കൂളിക്ക് തുല്യയാണിവർ. കഥകളിയിലെ ബ്രാഹ്മണ വേഷമായ മിനുക്കിനോട് സാമ്യമുള്ളതാണ് കോയമമയുടെ ആഹാര്യം. കാളിയോടൊപ്പം തന്നെ കോയമ്മയും അരങ്ങിലെത്തുന്നു.

മധ്യതിരുവിതാംകൂറിലേയും, കൊച്ചിപ്രദേശങ്ങളിലേയും, അനുഷ്ഠാനകലയായ തീയാട്ടുണ്ണികൾ നടത്തിപ്പോരുന്ന ഭദ്രകാളിത്തീയാട്ടിൽ ദാരികനിഗ്രഹത്തിനുശേഷം ദദ്രകാളി ദാരികാസുര ശിരസ്സുമായി കൈലാസത്തിലെത്തി പരമശിവനുമുമ്പിൽ ദാരികനിഗ്രഹത്തെക്കുറിച്ച് പറയുന്നതാണ് ഇതിലെ പ്രമേയം.

തിരുവിതാംകൂർ പ്രദേശങ്ങളിലെ ദേവീക്ഷേത്രങ്ങളിൽ നടത്തിവരുന്ന പറണേറ്റ് അഥവാ കാളിയൂട്ട് എന്ന അനുഷ്ഠാനകലയിലും കാളിപുരാവൃത്തമാണ് അടിസ്ഥാനം. മധ്യമലബാറിലെ ഉതിരക്കോലം അനുഷ്ഠാനകലയിലും കാളിദാരികവധമാണ് പ്രമേയം. കോലംവെട്ട്, കൊലക്കൊറ എന്നീ പേരുകളിലും ഈ കലാരൂപം അവതരിപ്പിക്കുന്നു. കോഴിക്കോട് ജില്ലയിലെ പൊയിൽക്കാവ്, ബാലുശ്ശേരി, ഉറവിങ്കൽ, അരിക്കുളം എന്നീ ക്ഷേത്രങ്ങളിലാണ് ഇത് നടത്തിപ്പോരുന്നത്. കുംഭ-മീന മാസങ്ങളിൽ തൃശ്ശൂർ ജില്ലയിലെ ചില കാവുകളിൽ പറയൻ അവതരിപ്പിക്കുന്ന കോലംകളിയിലും കാളിദാരികകഥയാണ് ആദ്യന്തം പറയുന്നത്. തൃശ്ശൂർ ജില്ലയിലെ കാട്ടൂർ പൊഞ്ഞനം ക്ഷേത്രത്തിലും പറയർ നടത്തുന്ന കാളകെട്ടും കാളകളിയും എന്ന അനുഷ്ഠാനകല കാളിസങ്കല്പത്തിലാണ് അനുഷ്ഠിക്കുന്നത്. ദാരികവധം എന്ന പേരിലും പാലക്കാട് പടിഞ്ഞാറുവശത്ത് പറയർ തന്നെ ഒരു അനുഷ്ഠാനകല നടത്തുന്നുണ്ട്.

കാളിനാടകത്തിന്റെ കണിശമായ ആഖ്യാനമില്ലാതെ പ്രസ്തുത പുരാവൃത്തവുമായി ബന്ധപ്പെട്ട് വരുന്ന കാളിനാടക പരിശിഷ്ടങ്ങളായ അനുഷ്ഠാനകലകളുമുണ്ട്. തെയ്യം കൂടാതെ തന്നെ പടയണി, മുക്കം,തിറ, കുത്തിയോട്ടം, വടയർവേല, കുമ്മാട്ടി, കച്ചയേറും ആണ്ടിയാട്ടവും എല്ലാം ഇതില്പെടുന്നു.

മധ്യതിരുവിതാംകൂറിലെ ദേവീക്ഷേത്രങ്ങളിലും ദദ്രകാളികാവുകളിലും ദേവിപ്രീണനത്തിനായി അനുഷ്ഠിക്കുന്ന കലാരൂപമാണ് പടയണി (പടേനി) മഠത്തിൽക്കാവ് ഭഗവതിക്ഷേത്രം, പനമറ്റത്ത് കാവ് ദേവിക്ഷേത്രം, അഴകിയകാവ് ദേവിക്ഷേത്രം, മുണ്ടൻകാവ് ദേവിക്ഷേത്രം,

പൂരുരുട്ടിക്കാവ് ദേവിക്ഷേത്രം എന്നിവിടങ്ങളിൽ ഈ അനുഷ്ഠാനകല അരങ്ങേറുന്നു. ദാരിക നിഗ്രഹം കഴിഞ്ഞ് കലിപൂണ്ട് സംഹാരരൂപി ണിയായി തുള്ളിയലറി വരുന്ന കാളിയുടെ കോപമടക്കാൻ ശിവഭൂത ഗണങ്ങൾ വിവിധങ്ങളായ കോലങ്ങൾ കെട്ടുന്നതാണ് ഇതിന്റെ ഇതി വൃത്തം. ഈ രംഗത്തു വരുന്ന കോലങ്ങളിലൂടെ സംസ്കാരമൂല്യത്തിന്റെ പ്രതിഷ്ഠാപനമാണ് വ്യക്തമാകുന്നത്.

പടയണിയിൽ സ്ത്രീകോലങ്ങളെയും അവതരിപ്പിക്കുന്നു. പലതരം യക്ഷിക്കോലങ്ങളും മറുതക്കോലവും ഭൈരവിക്കോലവും ഇതിനുദാഹര ണങ്ങളാണ്. അടന്തഒറ്റ, മുറിയടന്ത എന്നീ താളത്തിനൊപ്പമാണ് സൗ ന്ദര്യത്തെ മദിപ്പിക്കുന്ന ദേവതകളായ യക്ഷിക്കോലങ്ങൾ ചുവടുവെയ്ക്കു ന്നത്. ദാരികാസുരപത്നിയും മയപുത്രിയുമായ മനോദരിയാണ് മറുത ക്കോലമായി മാറുന്നത്.

തെയ്യത്തിന്റെ പ്രാദേശികഭേദമായ പൂതനും തിറയും കാളിപുരാവൃ ത്തത്തെ ഉൾക്കൊള്ളുന്നുണ്ട്. പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മകരക്കൊയ്ത്തു കഴിഞ്ഞ വേല, വിഷുവേല, വൃശ്ചികത്തിലെ പൂരങ്ങളുടെ ആരംഭം എന്നിവയുടെ വരവറിയിച്ചു വരുന്നതാണ് പൂതനും തിറയും, ദാ രികനിഗ്രഹം കഴിഞ്ഞു വരുന്ന കാളിയെയും, ഭൂതഗണങ്ങളെയുമാണ് ഇത് പ്രതിനിധീകരിക്കുന്നത്.

ദക്ഷിണകേരളത്തിലെ ഗരുഡൻതൂക്കം ദാരികവധാനന്തരം രക്ത ദാഹം ശമിക്കാതെ ക്രുദ്ധയായി നിലകൊള്ളുന്ന കാളി സമീപത്തേക്ക് വിഷ്ണു വാഹനമായ ഗരുഡനെ അയക്കുന്നതാണ് പുരാവൃത്തം. അതുപോ ലെ തെക്കൻ കേരളത്തിലെ കുത്തിയോട്ടവും ദാരികവധാനന്തരം ക്രുദ്ധ യായ കാളിയുടെ കോപശമനത്തിനായി നടത്തുന്ന ബലിയാണ്. വട യാർ വേലയിലും ദാരികവധാനന്തരം കാളി മയനിർമ്മിതമായ ദാരിക രാജധാനി ഇളക്കിക്കൊണ്ടുവരുന്നതാണ് പുരാവൃത്തം. കാളിപ്രീണനാർ ത്ഥം കൊല്ലം പട്ടാഴി മണ്ണടി ക്ഷേത്രങ്ങളിൽ നടത്തിപ്പോരുന്ന മുടിപ്പേ ച്ചും, തെക്കൻകേരളത്തിൽ പ്രചാരമുള്ള ഭദ്രകാളിത്തുള്ളലും തൃശ്ശൂരിലെ കുമ്മാട്ടികോലങ്ങളും കാളിപുരാവൃത്തസഹിതമാണ്.

സ്ത്രൈണചേതനയുടെ അംശം മുറ്റിനില്ക്കുന്ന മറ്റ് അനുഷ്ഠാനകലകളും കേരള പരിസരത്തിൽ സജീവമാണ്. ഉത്തരകേരളത്തിലെ കാവുകളിൽ നടത്തിപ്പോരുന്ന പൂരക്കളിയിലെ സമാപനചടങ്ങായ പള്ള് പാട്ടിൽ ശിവ പാർവ്വതിമാർ പള്ളന്റെയും പള്ളത്തിയുടെയും രൂപത്തിൽ കൃഷി പ്പണിയിലേർപ്പെടുന്നതാണ് ഇതിവൃത്തം. അതുപോലെ കോതാമൂരിയാ ട്ടത്തിൽ ഹരിനാരായണ കൃഷ്ണ സ്തുതികൾക്കൊപ്പം ഭഗവതിപ്പാട്ടുകളും

പാടാറുണ്ട്. അഗ്രശാലമ്മ എന്നറിയപ്പെട്ടുന്ന ചെറുകുന്ന് അന്നപൂർണ്ണേശ്വരിയുടെ കഥ ഇതിൽ ആഖ്യാനം ചെയ്യുന്നു.

സ്ത്രൈണാംശത്തെ ആരാധിക്കുന്ന അനുഷ്ഠാനകലകൾ വേറെയും കേരളീയപരിസരത്തിൽ സജീവമാണ്. ആദിവാസി വിഭാഗമായ കുറിച്യരുടെ അനുഷ്ഠാനകലയായ ഭഗവതിയാട്ടത്തിൽ കരിമ്പിലി ഭഗവതിയുടെ കോലമാണ് കെട്ടിയാടുന്നത്. പോവൂതി എന്നാണ് ഈ ഭഗവതിയെ അവർ വിളിക്കുന്നത്. സ്ത്രീകൾക്ക് സുഖപ്രസവത്തിനും പാതിവ്രത്യ സംരക്ഷണത്തിനും സഹായിക്കുന്ന ദേവിയാണിത്. സ്ത്രീസംരക്ഷണത്തിനായി ദുർമൂർത്തികളെ ആട്ടിയകറ്റുകയാണ് ഈ തുള്ളലിന്റെ ലക്ഷ്യം. കേരളത്തിൽ പ്രചാരമുള്ള വിനോദവും അനുഷ്ഠാനവും ഇടകലർന്നുള്ള കലയാണ് കുറത്തിയാട്ടം. തെക്കൻ കുറത്തിയാട്ടത്തിലാണ് കുറത്തിയെ ശ്രീപാർവ്വതിയായി ഗണിക്കുന്നത്. ശ്രീപരമേശ്വരനും പാർവ്വതിയും ഏഴരശനിപിടിപെട്ട് വലയുന്നതാണ് ഇതിലെ ഇതിവൃത്തം. തെക്കെ മലബാറിലെ മലവായിയാട്ടത്തെയും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. മലവായിദേവതയെ കുടിയിരുത്തിയ ആസ്ഥാനങ്ങളിലാണ് ഈ അനുഷ്ഠാനകല നടത്തിപോരുന്നത്. ഈ ദേവത നീലി, കരിനീലി, ചെറുനീലി, മലവായി എന്നീപേരിലാണ് അറിയപ്പെടുന്നത്. സ്ത്രീപ്രാതിനിധ്യമുള്ളതും അനുഷ്ഠാനവും വിനോദവും ഒത്തിണങ്ങിയകലാരൂപമാണ് കുമ്മിയടി. അധഃകൃതവിഭാഗത്തിലെ സ്ത്രീകളാണ് ഇത് അവതരിപ്പിക്കുന്നത്. ഇതിന്റെ ആഢ്യവത്കരണമാണ് തിരുവാതിരകളിയിൽ ഉള്ളത്. ധനുമാസത്തിൽ ശ്രീപാർവ്വതി തിരുവാതിരനാളിൽ നോറ്റവ്രതത്തിന്റെ പ്രകീർത്തനമായാണ് സ്ത്രീകൾ തിരുവാതിരയാടുന്നത്.

കാളിപുരാവൃത്തം, അമ്മസങ്കല്പം എന്നീ വിശ്വാസങ്ങൾ കൂടാതെ കേരളീയസംസ്കാരഭൂമികയിൽ സ്ത്രൈണാചാരങ്ങൾ അരക്കിട്ടുറപ്പിച്ചിട്ടുണ്ട്. ഐശ്വര്യത്തിന്റെ പ്രതീകമായ നിറപുത്തരിയിലെ നെൽക്കതിർ ശ്രീഭഗവതിയാണെന്നാണ് വിശ്വാസം. കുടുംബ ഐശ്വര്യത്തിന്റെ പ്രതീകമായി ഇവിടെ സ്ത്രീമാറുകയാണ് ഇതിലൂടെ. കർക്കിടമാസത്തിൽ കേരളീയഭവനങ്ങളിൽ പഞ്ഞമാസദുരിതം തീർത്ത് ഐശ്വര്യദേവതയായ ശ്രീപാർവ്വതിയെ കുടിയിരുത്താൻ ചേട്ടാഭഗവതിയെ അടിച്ചുപുറത്തുകളയുന്ന ആചാരമുണ്ട്. 'ശ്രീപോതിയകത്ത് ചേട്ടാഭഗവതിപുറത്ത്' എന്നത് പൈതൃകമായി കേട്ടുവരുന്ന വാമൊഴിയാണ്. കുടുംബങ്ങളിലെ സ്ത്രീകളാണ് ഇത്തരം ചടങ്ങുകൾ ആചരിക്കുന്നതെന്നതും ഇതിലെ സവിശേഷതയാണ്. കേരളീയ ഭവനങ്ങളിലെ ഐശ്വര്യത്തിന്റെ പ്രതീകമായി സ്ത്രൈണ ദേവതാംശത്തെയാണ് കുടിയേറ്റുന്നത്.

ആരാധനയിലും അതിലുരുത്തിരിക്കുന്ന കലകളിലും പെൺമയുടെ

സ്വത്വം ഉൾക്കൊണ്ടിരിക്കുന്നു. ആരാധിക്കുന്നവളായും ആരാധിക്കപ്പെടുന്നവളായും സ്ത്രീയെ പുനർവായനാവിധേയമാക്കാം. കേരളീയ സമൂഹത്തിന്റെ അകസംസ്കാരത്തിലേക്ക് ഇടുങ്ങി കുടുംബ അനുമാനങ്ങളിലേക്ക് മാത്രമായി പരിമിതപ്പെട്ടുപോകുന്ന സ്ത്രീയിടങ്ങൾ ആരാധനയിലൂടെ മേൽക്കോയ്മ നേടുന്നു. "ഗോത്രവൃത്തം പുരുഷക്രിയകൾക്ക് പ്രാധാന്യമുള്ള കലകൾക്ക് പ്രാമുഖ്യം നല്കിയപ്പോൾ ഗൃഹവൃത്തം സ്ത്രീകളുടെയും, കുട്ടികളുടെയും കലകൾക്കാണ് പ്രാധാന്യം കൊടുത്തത്"(40:2003).

പുരുഷാധികാരത്തിന്റെ പദവിയിൽ കലകൾ അമരുമ്പോഴും ആരാധനാപ്രാതിനിധ്യത്തിലേയ്ക്ക് സ്ത്രൈണചേതന കേരളീയവിശ്വാസ ഇടങ്ങളിൽ ഉയരുകയും മിഴിവുറ്റതായി പരിണമിക്കുകയും ചെയ്യുന്നു. പുരുഷന്റെ ഗോത്രകലയോടും നാട്ടറിവുകളോടും തുലനം ചെയ്ത് അതിനെല്ലാം പുരാവൃത്തം സൃഷ്ടിക്കുന്നത് അമ്മൂമ്മയറിവുകളും, മുത്തശ്ശിപ്പാട്ടുകളും അമ്മായിക്കഥകളുമാണ്. "സ്വന്തം ശരീരത്തെ പ്രകൃതിചാക്രികതയുടെ ഇരയാണെന്ന ഭാവനയിൽ സ്ത്രീ ആവിഷ്കരിച്ചകലകളും സമൂഹത്തിന്റെ പ്രധാനഘടകമായിമാറുന്ന"(40:2003) എന്നതും വിസ്മരിക്കാവുന്നതല്ല. ഗാർഹികമായ അനുഷ്ഠാനകലകളെ ഈ ഇനത്തിൽ കൊണ്ടുവരാം. കോലമെഴുത്ത്, അല്പന, മാരനെവരവേൽക്കൽ, അർപ്പണ, ഓണത്തപ്പനെ വരവേൽക്കൽ, നോയമ്പുനോൽക്കൽ, ആർത്തവദിനചര്യചടങ്ങുകൾ, ഇവയിൽ സ്ത്രൈണതയുടെ മാസ്മരിക കരപ്രയോഗം ദർശിക്കാവുന്നതാണ്. മുസ്ലീം വനിതകൾ അവരുടെ മതാചാരത്തിന്റെ ഭാഗമായി കൈവെള്ളയിൽ വരക്കുന്ന മയിലാഞ്ചിയും അനുഷ്ഠാനമേഖലയിൽ തന്നെ ഒതുക്കാവുന്നതാണ്.

സ്ത്രീ ആരാധിക്കപ്പെടുന്നവളും, ആരാധിക്കുന്നവളുമായി സമൂഹഅവബോധതലത്തിൽ നിലകൊള്ളുമ്പോൾ പൗരാണികത സൃഷ്ടിക്കുന്ന മാതൃദേവതാസങ്കല്പങ്ങൾ ആദിമകേരളീയസംസ്കാരഭൂമികയിൽ ഉയർന്ന പദവിയലങ്കരിച്ചിരുന്ന സ്ത്രീസമൂഹത്തിന്റെ മേൽക്കോയ്മയെയാണ് വ്യംഗ്യമായി അവതരിപ്പിക്കുന്നത്. സ്ത്രൈണഭാവത്തെ പുരുഷശരീരത്തിലേക്ക് പരകായം നടത്തുമ്പോഴും ഓരോ മിത്തിന്റേയും സൂക്ഷ്മമായ അസ്തിത്വത്തിന് കാരണഭൂതമാകുന്നത് സ്ത്രൈണചേതനയാണ്. ആര്യവത്കരണം സൃഷ്ടിച്ച അകത്തളങ്ങൾ സ്ത്രീകൾക്ക് പില്ക്കാല തടവറകളുടെ ആദിമരൂപമാകുമ്പോൾ ദ്രാവിഡത്വം പുറംസമൂഹത്തിലെ സ്ത്രൈണ സ്വാതന്ത്ര്യവിശാലതയെ മിഴിവുറ്റതാക്കുന്നു. അവിടെ അവൾ ആരാധിക്കുന്നവളും ആരാധിക്കപ്പെടുന്നവളുമാകുന്നു. അത്തരം ദ്രാവിഡസംസ്കാരപ്പൊലിമയുടെ പ്രത്യക്ഷീകരണങ്ങളാണ് കേരളീയ അനുഷ്ഠാനങ്ങളും ആചാരങ്ങളും കലകളും.

## ഗ്രന്ഥസൂചി

1. ചന്ദ്രശേഖരൻ നായർ, എൻ., കേരളീയകലകൾ, ശ്രീനികേതൻ, തിരുവനന്തപുരം-4,1981
2. ചുമ്മാർ ചൂണ്ടൽ, മുടിയേറ്റ്, കേരളഫോക്ക്ലോർ അക്കാദമി, തൃശ്ശൂർ, 1981.
3. ഗോപിനാഥൻ, ആർ. (ഡോ.), കേരളത്തനിമ, ഹെറിറ്റേജ് സ്റ്റഡീസ്, തിരുവനന്തപുരം, 2010.
4. രാഘവൻ, പയ്യനാട് (ഡോ.), തെയ്യവും തോറ്റംപാട്ടും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1979.
5. രാജഗോപാലൻ, സി.ആർ. (ഡോ.), ഗോത്രകലാവടിവുകൾ, നാട്ടറിവ് പഠന കേന്ദ്രം, തൃശ്ശൂർ, 2001.
6. -----------------, മുടിയേറ്റ് നാടോടിനേരരങ്ങ്, ----------, ---------, --------, 2003.
7. -----------------, കാവേറ്റം നാടൻ കലാപഠനങ്ങൾ, ----------, ---------, --------, 2004.
8. രവിശ്ശുരനാട്, തെയ്യക്കഥകൾ, റെയിൽബോ പബ്ലിക്കേഷൻസ്, ചെങ്ങന്നൂർ, 2002.
9. രവികുമാർ, ബി., അനുഷ്ഠാനകലരംഗാവതരണവും ഫോക്ക്ലോറും, കേളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003.
10. ശശിധരൻ ക്ലാരി, ഡോ., കേരളീയകലാനിഘണ്ടു, ഒലിവ്, കോഴിക്കോട് 2012.
11. ശ്രീധരമേനോൻ, എ., കേരളചരിത്രം, ഡിസി ബുക്സ്, കോട്ടയം, 1987.
12. സുധാകരൻ, കെ.പി., കേരളീയകലകൾ, ലിപി പബ്ലിക്കേഷൻസ്,കോഴിക്കോട്, 2011.
13. ഉണ്ണികൃഷ്ണൻ, ഡി., കേരളം കേരളീയകല, എം.എസ്. ബുക്ക് ഡിപ്പോ, കൊല്ലം, 1972.
14. വാസുദേവൻപിള്ള കടമ്മനിട്ട, പടേണിയുടെ ജീവതാളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
15. വിഷ്ണു നമ്പൂതിരി, എം.വി. (ഡോ.), കേരളത്തിലെ തനതുകലകൾ, കോതാമൂരിയാട്ടം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1985.
16. -------------, നാടോടിവിജ്ഞാനീയം, ഡി.സി. ബുക്സ്, കോട്ടയം, 1996.
17. -------------, തെയ്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999.
18. വിജയകുമാർ മേനോൻ, കലയുടെ മുഖദർശനം, പുരോഗമന കലാസാഹിത്യ സംഘം, മാവേലിക്കര, 1989.
19. -------------, ആധുനികകലാദർശനം, കറന്റ് ബുക്സ്, തൃശ്ശൂർ, 1993.
20. -------------, ഭാരതീയകല ഇരുപതാം നൂറ്റാണ്ടിൽ, ഡിസി ബുക്സ്, കോട്ടയം, 2003.

21. -------------, ദൈവത്തായ്, ഫോക്ക് കലാപഠനങ്ങൾ, നാട്ടറിവുപഠനകേന്ദ്രം, കണിമംഗലം, 2004.

ENGLISH REF

10. Mathur J.C,Historical cultural Heritage,Mary,Vol XXI

ആനുകാലികങ്ങൾ

49. രാജഗോപാലൻ, സി.ആർ. (ഡോ.), തമൊഴിക്കാവ്യബോധം, സാഹിത്യലോകം, ജനു.-ഫെബ്രു. പു. 37. ലക്കം 1, 2010.
50. വിഷ്ണുനമ്പൂതിരി, എം.വി. (ഡോ.), ജനവിജ്ഞാനവും സൗന്ദര്യസങ്കല്പവും, ജനുവരി-ഫെബ്രുവരി, പു. 9, ലക്കം 1, 2004.
51. വിജയകുമാർ മേനോൻ, ദൃശ്യകലയിലെ പ്രകൃതിലാവണ്യദർശനം.